# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 271** — **01.12.2014 -ലെ മറുപടിക്ക്**

## മുരളിയുടെ കൊലപാതകം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കുമ്പളയിലെ പി.മുരളിയെ കൊലപ്പെടുത്താൻ ഗൂഢാലോചന നടത്തിയവരെ സംബന്ധിച്ച് പോലീസ് അന്വേഷിച്ചിട്ടുണ്ടോ; | (എ) കുമ്പളയിലെ മുരളിയെ കൊലപ്പെടുത്തിയ കേസിലെ ഗൂഢാലോചന സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിവരുന്നു. |
| (ബി) മുരളിയെ കൊലപ്പെടുത്താൻ മുമ്പും ശ്രമം നടന്നിട്ടുള്ളതായി പോലീസിന് വിവരം ലഭിച്ചിട്ടുണ്ടായിരുന്നോ; ഉണ്ടെങ്കിൽ പോലീസ് സ്വീകരിച്ച മുൻകരുതൽ നടപടികൾ എന്തെല്ലാമായിരുന്നു; | (ബി) മുരളിയെ കൊലപ്പെടുത്തുവാൻ മുമ്പും ശ്രമം നടന്നിട്ടുള്ളതും ആയതിന് കുമ്പള പോലീസ് സ്റ്റേഷൻ ക്രൈം നം. 597/2012 u/s 143, 147, 148, 341, 323, 324, 307 r/w 149 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനു പുറമെ കൊല്ലപ്പെട്ട മുരളിയും ഒന്നാം പ്രതി ശരത്തും തമ്മിൽ മുമ്പ് പ്രശ്നങ്ങൾ ഉണ്ടായതിനുശേഷം മുൻകരുതൽ എന്ന നിലയിൽ ടിയാന്മാരുടെ പേരിൽ ഹിസ്റ്ററി ഷീറ്റ് ഓപ്പൺ ചെയ്ത് അവരുടെ നീക്കങ്ങളിൽ പോലീസ് രഹസ്യ നിരീക്ഷണം നടത്തി വന്നിട്ടുള്ളതാകുന്നു. |
| (സി) കൊലപാതകവും ഗൂഢാലോചനയും നടത്തിയ ഏതൊക്കെ ആർ.എസ്.എസ്., ബി.ജെ.പി. പ്രവർത്തകർക്ക് എതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തുകയുണ്ടായി; അന്വേഷണത്തിന്റെ ഭാഗമായി ഏതൊക്കെ ആർ.എസ്.എസ്., ബി.ജെ.പി. പ്രവർത്തകരെ പോലീസ് ചോദ്യം ചെയ്യുകയുണ്ടായി; ആരുടെയൊക്കെ ഫോൺ നമ്പരുകൾ പരിശോധിക്കുകയുണ്ടായി? | (സി) കേസിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ ഗൂഢാലോചന വെളിവായിട്ടില്ല. കേസിന്റെ അന്വേഷണം നടന്നുവരികയാണ്. ആയതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ